ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 11.09.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടി നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും; ആഗോളതലത്തിൽ നൂതനാശയങ്ങളുടെ പ്രധാന കേന്ദ്രങ്ങളായി ബ്രിക്സ് രാജ്യങ്ങൾ ഉയർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The 18th BRICS Summit begins in New Delhi tomorrow; Prime Minister Narendra Modi stated that BRICS nations are emerging as major global hubs for innovation.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തി; രാഷ്ട്രീയ, സാമ്പത്തിക, പ്രതിരോധ, ഊർജ്ജ മേഖലകളിലെ സഹകരണം വിലയിരുത്തി.

   **Prime Minister Narendra Modi held bilateral talks with Russian President Vladimir Putin, reviewing cooperation across political, economic, defence, and energy sectors.**

3. വ്യാപാരവുമായി ബന്ധപ്പെട്ട താരിഫുകൾ ഉൾപ്പെടെയുള്ള ഏകപക്ഷീയ നടപടികളിൽ ആശങ്ക രേഖപ്പെടുത്തി ബ്രിക്സ് അംഗരാജ്യങ്ങൾ.

**BRICS member nations expressed concern over unilateral measures, including trade-related tariffs.**

4. ഇന്ത്യയുടെ തീരമേഖല സമുദ്രവിഭവങ്ങൾക്കും ബ്ലൂ ഇക്കോണമിക്കും വൻ സാധ്യതകളാണ് തുറന്നുനൽകുന്നതെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്.

**Union Minister Jitendra Singh stated that India's coastal region offers immense potential for marine resources and the blue economy.**

5. കേരളത്തിൽ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സൗരോർജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.

**Minister Sunny Joseph announced that solar power generation and battery energy storage systems will be expanded to overcome the power crisis in Kerala.**

6. ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ടൂർണമെന്റിൽ ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ.

**The Indian men's team has reached the final of the Junior Asia Cup hockey tournament.**

## BRICS SUMMIT (INTRO)

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യയുടെ അധ്യക്ഷതയിൽ നാളെ ആരംഭിക്കുന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ലോകനേതാക്കൾ എത്തിത്തുടങ്ങി.

ഒരു റിപ്പോർട്ട്..........

(വോയിസ്)

## BRICS SUMMIT (VOICE)

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ, ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസ, ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് എൽ-സിസി, ഉഗാണ്ടൻ വൈസ് പ്രസിഡന്റ് ജെസീക്ക അലൂപോ, നൈജീരിയൻ വൈസ് പ്രസിഡന്റ് കാഷിം ഷെട്ടിമ തുടങ്ങിയ നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി രാജ്യ തലസ്ഥാനത്തെത്തി. ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങ്, ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ, അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ എന്നിവരുൾപ്പെടെയുള്ള ലോകനേതാക്കളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടിയിൽ സ്വീകരിക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത' എന്നതാണ് ഇത്തവണത്തെ പ്രമേയം. "എല്ലാവരെയും ഉൾക്കൊള്ളുന്ന ആഗോള ഭരണവും ബഹുപക്ഷ സഹകരണത്തിന്റെ ശക്തിപ്പെടുത്തലും" എന്ന വിഷയത്തിൽ ബ്രിക്സ് അംഗരാജ്യങ്ങൾക്കായി നടത്തുന്ന സെഷനോടെ ഉച്ചകോടിക്ക് നാളെ തുടക്കമാകും. ഭാരത് മണ്ഡപത്തിൽ ഒരുക്കിയിരിക്കുന്ന 'ഭാരത് ഇന്നോവേറ്റ്സ്' പ്രദർശനം ബ്രിക്സ് അംഗരാജ്യങ്ങളിലെ നേതാക്കൾ സന്ദർശിക്കും. ഉച്ചകോടിയുടെ ഭാഗമായി ബ്രിക്സ് നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ ഉഭയകക്ഷി ചർച്ചകളും നടത്തും. ഞായറാഴ്ച, ബ്രിക്സ് പങ്കാളിത്ത രാജ്യങ്ങളിലെ നേതാക്കളെയും ക്ഷണിക്കപ്പെട്ടവരെയും പ്രധാനമന്ത്രി സ്വാഗതം ചെയ്യും. ഇന്ത്യയ്ക്ക് പുറമേ ബ്രസീൽ, ചൈന, ഈജിപ്ത്, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യു.എ.ഇ എന്നീ പതിനൊന്ന് രാജ്യങ്ങളാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.

## PM BILATERALS-BRICS

പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനും തമ്മിൽ ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. രാഷ്ട്രീയം, സാമ്പത്തികം, പ്രതിരോധം, ഊർജ്ജം, ബഹിരാകാശം, നൈപുണ്യ കൈമാറ്റം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതി കൂടിക്കാഴ്ചയിൽ ഇരുവരും വിലയിരുത്തി. പശ്ചിമേഷ്യ, കരിങ്കടൽ മേഖല എന്നിവിടങ്ങളിലെ സംഘർഷങ്ങൾ ഉൾപ്പെടെയുള്ള പ്രധാന പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ചയായി. തർക്കങ്ങൾ പരിഹരിക്കാൻ ചർച്ചകളും നയതന്ത്രവുമാണ് വഴിയെന്നും സമാധാന ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഇന്ത്യ തയ്യാറാണെന്നും പ്രധാനമന്ത്രി ആവർത്തിച്ചു.

ഇറാൻ പ്രസിഡൻറുമായും, യുഎൻ സെക്രട്ടറി ജനറലുമായും ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തും.

## LEADERS SESSION BRICS BUSINESS FORUM (INTRO)

ആഗോളതലത്തിൽ നൂതനാശയങ്ങളുടെയും പരിഹാരമാർഗ്ഗങ്ങളുടെയും പ്രധാന കേന്ദ്രങ്ങളായി ബ്രിക്സ് രാജ്യങ്ങൾ ഉയർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ബ്രിക്സ് ബിസിനസ് ഫോറത്തിന്റെ നേതാക്കളുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകജനസംഖ്യയുടെ 50 ശതമാനവും, ആഗോള ജിഡിപിയുടെ 40 ശതമാനവും, ആഗോള വ്യാപാരത്തിന്റെ 25 ശതമാനത്തിലധികവും ഇന്ന് ബ്രിക്സ് രാജ്യങ്ങൾ പ്രതിനിധീകരിക്കുന്നു. ലോകത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ഏകദേശം ഇരട്ടി വേഗതയിലാണ് ബ്രിക്സ് രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്...)

## BRICS FM MEET

വ്യാപാരവുമായി ബന്ധപ്പെട്ട താരിഫുകളും താരിഫ് ഇതര തടസ്സങ്ങളും ഉൾപ്പെടെയുള്ള ഏകപക്ഷീയമായ നടപടികളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ബ്രിക്സ് അംഗരാജ്യങ്ങൾ. അത്തരം നടപടികൾ ലോകവ്യാപാര സംഘടനയുടെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് ബ്രിക്സ് രാജ്യങ്ങൾ വ്യക്തമാക്കി. മുംബൈയിൽ നടന്ന ബ്രിക്സ് ധനകാര്യ മന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിന് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് അംഗരാജ്യങ്ങൾ ഇക്കാര്യം അറിയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## SITHARAMAN-RUSSIAN MINISTER

2026-ലെ ബ്രിക്സ് ഉച്ചകോടിക്ക് മുന്നോടിയായി, കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ റഷ്യൻ ഉപ പ്രധാനമന്ത്രി ഡെനിസ് മാൻറ്യുറോവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. ധനകാര്യ സേവന മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ഇരുകൂട്ടരും ചർച്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA-URUGUAY

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ യുറുഗ്വേ വിദേശകാര്യ മന്ത്രി മരിയോ ലുബെറ്റ്കിനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും യുറുഗ്വേയും തമ്മിലുള്ള വ്യാപാര-നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പരസ്പര സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും, ഇന്ത്യ-മെർക്കോസൂർ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള വഴികൾ ചർച്ച ചെയ്തതായി ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## HARDEEP PURI MET DAI

കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരി ചൈന നാഷണൽ പെട്രോളിയം കോർപ്പറേഷൻ ചെയർപേഴ്സൺ ഡായ് ഹൗലിയാങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഊർജ വിപണിയുടെ സ്ഥിരതയിൽ ഇരുരാജ്യങ്ങൾക്കും നിർണായകമായ പൊതുതാൽപര്യങ്ങളുണ്ടെന്നും, ലോകത്തിലെ ഏറ്റവും വലിയ ഊർജ്ജ ഉപഭോക്താക്കളിലും ഇറക്കുമതിക്കാരിലും ഉൾപ്പെടുന്നവരാണ് ഇന്ത്യയും ചൈനയുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## BRICS INNOVATION-EXPOSITION

18-ാമത് ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ത്യയുടെ അത്യാധുനിക സാങ്കേതിക നവീകരണങ്ങൾ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്ന 'ഭാരത് ഇന്നൊവേറ്റ്സ് എക്സ്പോസിഷന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. വിദേശകാര്യ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. രണ്ട് ദിവസത്തെ എക്സ്പോയിൽ രാജ്യത്തെ 37 മുൻനിര ഡീപ്-ടെക് സ്റ്റാർട്ടപ്പുകളും സംരംഭങ്ങളും പങ്കെടുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## JITENDRA-COASTLINE

ഇന്ത്യയുടെ തീരമേഖല സമുദ്രവിഭവങ്ങൾക്കും ബ്ലൂ ഇക്കോണമിക്കും വൻ സാധ്യതകളാണ് തുറന്നുനൽകുന്നതെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്. തീരപ്രദേശങ്ങളെ പരിസ്ഥിതി, സുരക്ഷ, സാമ്പത്തിക രംഗം, സാങ്കേതികവിദ്യ, മാനവ വികസനം എന്നിവ സമന്വയിക്കുന്ന ഇടമായി കാണണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ തീരദേശ വികസനവും സുരക്ഷയും ലക്ഷ്യമിട്ട് സംഘടിപ്പിച്ച ദേശീയ

സമ്മേളനത്തെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

☸☸☸☸☸☸☸☸☸☸☸☸☸

## POWER CRISIS

കേരളത്തിൽ വൈദ്യുതി ലഭ്യത കുറയുകയും ആവശ്യകത വൻതോതിൽ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും വ്യാപകമാക്കാൻ ഒരുങ്ങുന്നതായി മന്ത്രി സണ്ണി ജോസഫ്. മുൻകാലങ്ങളിൽ രാത്രി 7 മണി മുതൽ 10 മണി വരെയായിരുന്ന പീക്ക് അവറുകൾ ഇപ്പോൾ രാത്രി 11 മണിക്ക് ശേഷവും തുടരുകയാണ്. കേരളത്തിന് ആവശ്യമായതിന്റെ 25 ശതമാനം മാത്രമാണ് സ്വന്തമായി ഉത്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## POWER RESTRICTIONS

കേരളത്തിൽ ഇന്നും ഭാഗിക വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി. രാത്രി 12:45 വരെ ഉള്ള സമയങ്ങളിലാകും നിയന്ത്രണം.

☸☸☸☸☸☸☸☸☸☸☸☸☸

## SABARIMALA

ശബരിമല തീർഥാടനത്തിന് മുന്നൊരുക്കം വേഗത്തിലാക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തിന് മുന്നോടിയായി തിരുവനന്തപുരത്ത് ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷയും ഒരുക്കുന്നതിൽ വീഴ്ച വരുത്തരുതെന്നും സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും

സംയുക്ത കൺട്രോൾ റൂം സ്ഥാപിക്കണമെന്നും മുഖ്യമന്ത്രി നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## HOCKEY

ചൈനയിലെ മോഖിയിൽ നടക്കുന്ന ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ടൂർണമെൻറിൽ ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ പ്രവേശിച്ചു. സെമിഫൈനലിൽ മലേഷ്യയെ 3-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ കടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## EU INDIA FTA

ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെക്കുന്നതിനും അത് നടപ്പിലാക്കുന്നതിനുമുള്ള ഔദ്യോഗിക നിർദ്ദേശം യൂറോപ്യൻ കമ്മീഷൻ യൂറോപ്യൻ കൗൺസിലിന് മുന്നിൽ സമർപ്പിച്ചു. കരാർ കൗൺസിൽ അംഗീകരിക്കുന്നതോടെ യൂറോപ്യൻ യൂണിയനും ഇന്ത്യയും ഒപ്പുവെക്കുന്ന ഏറ്റവും വലിയ വ്യാപാര കരാറായി ഇത് മാറും. ഈ വർഷം ജനുവരിയിലാണ് ഇന്ത്യയും യൂറോപ്യൻ യൂണിയനും വ്യാപാരക്കരാർ ചർച്ചകൾ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## FACT CHECK- ARMY

ശ്രീനഗറിലെ ബട്ടമാലൂവിൽ തെരച്ചിൽ നടത്തുന്ന ഇന്ത്യൻ സുരക്ഷാ സേനയ്ക്ക് പ്രദേശവാസികളിൽ നിന്ന് എതിർപ്പ് നേരിടേണ്ടി വരുന്നു എന്ന രീതിയിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പ്രചരിക്കുന്ന വീഡിയോ ശ്രീനഗറുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാപരിശോധനാ വിഭാഗം അറിയിച്ചു.

## HPV VACCINATION-MILESTONE

എച്ച്.പി.വി പ്രതിരോധ കുത്തിവെയ്പ്പിൽ പുതിയ നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ. രാജ്യത്ത് എച്ച്.പി.വി പ്രതിരോധ കുത്തിവയ്പ്പുകളുടെ എണ്ണം 80 ലക്ഷം കടന്നു. പെൺകുട്ടികളുടെ ആരോഗ്യകരമായ ഭാവിയിലേക്കുള്ള നിർണായക ചുവടുവയ്പ്പാണിതെന്ന് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

## PM-ACHARYA VINOBA BHAVE

ആചാര്യ വിനോബ ഭാവെയുടെ ജന്മദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിനോബ ഭാവെയുടെ 'ജയ് ജഗത്' എന്ന ആഹ്വാനം അതിരുകളെല്ലാം ഭേദിച്ച് മാനവികതയ്ക്ക് പരമപ്രാധാന്യം നൽകുന്നതായിരുന്നുവെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## TN ORATOR-DEATH

പ്രശസ്ത തമിഴ് പ്രഭാഷകനും സംവാദ പരിപാടികളുടെ അവതാരകനുമായ സോളമൻ പാപ്പയ്യ മധുരയിൽ അന്തരിച്ചു. 90 വയസ്സായിരുന്നു. നർമ്മം കലർന്നതും തനത് മധുര തമിഴ് ശൈലിക്കും പേരുകേട്ട അദ്ദേഹം, ഇന്ത്യയിലും വിദേശത്തുമായി ഏകദേശം 12,000 തമിഴ് സംവാദ പരിപാടികൾ നയിച്ചിട്ടുണ്ട്. 2021-ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി അദ്ദേഹത്തെ ആദരിച്ചു.